നം. ഇ.എസ്2- 130164/2021/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 02/06/2021

# നോട്ടീസ്

വിഷയം : ആ.വ.ഡ – ജീവനക്കാര്യം - ശ്രീ. വിജി മാത്യു ശ്രീ. ബിനോയ്. ആർ എന്നീ സീനിയർ ഒപ്റ്റോമെട്രിസ്റ്റുമാരുടെ – സീനിയോറിറ്റിയിലെ അപാകത കണക്കിലെടുത്ത് – ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് -2 മാരുടെ സീനിയോറിറ്റി പട്ടിക പുനഃക്രമീകരിച്ച് നോട്ടീസ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

സൂചന : 1. സർക്കുലർ. നം. ഇ. എസ്2-68572/2019/ആ.വ.ഡ, തീയതി. 06.08.2019
2. നം. എ5-19881/2019/ജി.മെ.ഓ(ആ), മലപ്പുറം, തീയതി. 04.12.2019
3. ഇ. എസ്2-92000/2015/ആ.വ.ഡ, തീയതി. 27.04.2016

ആരോഗ്യ വകുപ്പിലെ 31.07.2019 വരെയുള്ള കാലയളവിലെ സീനിയർ ഒപ്റ്റോമെട്രിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനു വേണ്ടി സൂചന 1 പ്രകാരം ജില്ലാ മെഡിക്കൽ ആഫീസർമാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ചതിൽ നിലവിൽ സീനിയർ ഒപ്റ്റോമെട്രിസ്റ്റുമാരായി സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീ. വിജി മാത്യു ശ്രീ. ബിനോയ്. ആർ എന്നിവരുടെ ശൂന്യവേതനാവധി കണക്കാക്കാതെയാണ് സീനിയോറിറ്റി കണക്കാക്കിയിരിക്കുന്നതെന്ന് മനസ്സിലാകുന്നു.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. **ശ്രീ. വിജി. മാത്യു**

Date of Birth : 30.05.1969
PSC Advice. No. : RIA(5)29445/92/GW, Dt: 26.10.1992
Appointment. Order : EF4-103848/92/DHS, Dt: 28.11.1992
Date of entry : 15.12.1992
LWA for employment abroad : 21.07.1994 to 16.06.2004
G.O(Rt)552/94/H & FWD, Dt: 10.12.1994 and extension, Total : 10 yrs.
Date of Rejoining duty after availing LWA – 17.06.2004
Date reckoned for seniority : 26.10.1992 (Advice date)

പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുൻപ് LWA യിൽ പ്രവേശിച്ചു. ആയതിനാൽ 17.06.2004 ന് fresh entrant ആയി പരിഗണിച്ചായിരുന്നു സീനിയോറിറ്റി കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ 15.12.1992 മുതലുള്ള സർവ്വീസ് പരിഗണിച്ചാണ് റഗുലർ പ്രൊമോഷൻ നൽകിയിട്ടുള്ളത്.

17.06.2004 ൽ fresh entrant ആയി പരിഗണിച്ച് ശ്രീ. വിജി. മാത്യുവിന് സൂചന 3 പ്രകാരമുള്ള ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് – 2 മാരുടെ 01.01.2000 മുതൽ 31.12.2015 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം. 77 A ആയി താല്ക്കാലിക സ്ഥാനം നൽകി ഇതിനാൽ നോട്ടീസ് പുറപ്പെടുവിക്കുന്നു. (വിശദവിവരങ്ങൾ Annexure - I ആയി) ആയത് സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം അനുബന്ധ സ്ഥാനക്കയറ്റങ്ങളും പുനഃക്രമീകരിക്കുന്നതാണ്.

2. ശ്രീ. ബിനോയ്. ആർ

DOB : 30.05.1969

LWA : 04.03.1994 to 11.07.2001

G.O.(Rt) No.752/94/H & FWD, Dt: 02.03.1994, G.O.(Rt) No. 536/99/H & FWD, Dt: 23.02.1999

Date of Rejoining after LWA : 12.07.2001

Probation : EF4-104509/03/DHS, Dt: 30.03.2004

ശൂന്യവേതനാവധി എടുക്കുന്നതിന് മുൻപ് ശ്രീ. ബിനോയ്. ആർ. ന്റെ പ്രൊബേഷൻ കാലാവധി പൂർത്തിയാക്കിയിരുന്നില്ല. ആയതിനാൽ 12.07.2001 ന് Fresh entrant ആയി കണക്കാക്കി സീനിയോറിറ്റി നൽകുന്നതിനു പകരം 1993 ൽ സർവ്വീസിൽ പ്രവേശിച്ച തീയതി. കണക്കാക്കിയാണ് സീനിയോറിറ്റി നൽകിയിട്ടുള്ളതും അനുബന്ധ സ്ഥാനക്കയറ്റങ്ങൾ നൽകിയിട്ടുള്ളതും.

12.07.2001 ന് Fresh entrant ആയി പരിഗണിച്ച് ശ്രീ. ബിനോയ്. ആർ. ന് സൂചന 3 പ്രകാരമുള്ള ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് – 2 മാരുടെ 01.01.2000 മുതൽ 31.12.2015 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 1(ഒന്ന്) എന്ന താൽക്കാലിക സ്ഥാനം നൽകുകയും പട്ടികയിൽ നിലവിൽ റാങ്ക് നം. 1 ആയ Sri. Renju. N. ന് 1 A ആയി സ്ഥാനം മാറ്റിക്കൊണ്ടും ഇതിനാൽ നോട്ടീസ് പുറപ്പെടുവിക്കുന്നു. ആയത് സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ച ശേഷം അനുബന്ധസ്ഥാനക്കയറ്റങ്ങളും പുനഃക്രമീകരിക്കുന്നതാണ് വിശദവിവരങ്ങൾ Annexure -2 ആയി ചുവടെ ചേർക്കുന്നു.

Annexure - I

| Sl. No. | Rank No. | Name | Date of Birth | Qualification | G.O No./PSC Advice | Date of Joining | Date Reckoned for seniority | Remarks |
|---|---|---|---|---|---|---|---|---|
| 1 | 77 | Manoj. P. A | 13.03.1974 | B. Sc Optometry | Ad: 03.09.2003 | 29.03.2004 | 29.03.2004 | |
| 2 | 77 A | Viji Mathew | 30.05.1969 | PDC, Diploma in Optometric Assistant Course | RIA(5)29445/92/GW, Dt: 26.10.1992 | 17.06.2004(Fresh entrant after LWA) | 17.06.2004 (LWA for 10 yrs) | |
| 3 | 78 | Anjana. M | 17.03.1977 | PDC, Diploma in Optometric Assistant Course | Ad: 19.06.2004 | 10.08.2004 | 19.06.2004 | |

Annexure - 2

| Sl. No. | Rank No. | Name | Date of Birth | Qualification | G.O No./PSC Advice | Date of Joining | Date Reckoned for seniority | Remarks |
|---|---|---|---|---|---|---|---|---|
| 1 | 1 | Binoy. R | 30.05.1969 | PDC, Diploma in Optometric Assistant Course | G.O.(Rt) No. 752/94/H & FWD, Dt: 02.03.1994 | 01.07.1993(12.07.2001) fresh entrant) | 12.07.2001 | |
| 2 | 1 A | Renju. N | 11.07.1979 | VHSE, Diploma in Optometric Assistant Course | Adv. 18.02.2003 | 25.03.2003 | 18.02.2003 | |

ഈ നോട്ടീസിന്മേൽ എന്തെങ്കിലും ആക്ഷേപങ്ങൾ ഉള്ള പക്ഷം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം രേഖാമൂലം ഉചിതമാർഗ്ഗേണ ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-

ഡോ. ബിന്ദു മോഹൻ

അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)

സ്വീകർത്താവ്

1. ശ്രീ. ബിനോയ്. ആർ
   സീനിയർ ഒപ്റ്റോമെട്രിസ്റ്റ്
   താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുളിങ്കുന്ന്, ആലപ്പുഴ
2. ശ്രീ. വിജി മാത്യു
   സീനിയർ ഒപ്റ്റോമെട്രിസ്റ്റ്
   താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരൂരങ്ങാടി, മലപ്പുറം

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഇ-മെയിൽ മുഖേന)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്